# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 23, വ്യാഴം

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

### കാലവർഷവും ജലവൈദ്യുതപദ്ധതികളും

*481. ശ്രീ.കെ.എൻ.എ.ഖാദർ
,, പി.ബി. അബ്ദുൾ റസാക്
,, പി.കെ.ബഷീർ
,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മൺസൂൺ മഴയിൽ കുറവുണ്ടാകുമെന്ന കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം ജലവൈദ്യുതപദ്ധതികളെ ഏതു വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കാലവർഷം പൂർണ്ണമായും ലഭിച്ചാൽ ഡാമുകളിൽ സംഭരിക്കാനാവുന്ന ജലത്തിന്റെ ഒരു വർഷത്തെ അളവ് പരിശോധിച്ചിട്ടുണ്ടോ ;

(സി) നിലവിലെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനോ അവയിലെ ജലം പുനരുപയോഗപ്പെടുത്തുന്നതിനോ ഉള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

### മലബാർ സിമന്റ്സിന്റെ തകർച്ച

*482. ശ്രീ.എ.കെ.ബാലൻ
,, എം.ചന്ദ്രൻ
,, കെ.വി.വിജയദാസ്
ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമെന്റ്സ് അഴിമതിയും കെടുകാര്യസ്ഥതയും മൂലം വൻ തകർച്ച നേരിടുന്നുവെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) മലബാർ സിമെന്റ്സിൽ ഭീമമായ നഷ്ടം സംഭവിക്കുന്നതായ സി. ആൻഡ് എ.ജി. റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ലാഭകരമായിരുന്ന മലബാർ സിമെന്റ്സ് നഷ്ടത്തിലകാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

<u>പ്രത്യേക സാമ്പത്തിക മേഖല</u>

*483. ശ്രീ.ബി.സത്യൻ

,, എം.എ.ബേബി

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി എന്തൊക്കെ വ്യാവസായിക ഗുണങ്ങളാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി മറ്റ് മേഖലകളിൽ നിന്നും വ്യത്യസ്തമായി സർക്കാരിന് ലഭിക്കേണ്ട വിവിധ നികുതിയിനത്തിൽ എന്തെല്ലാം കുറവുകളാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കാമോ;

(സി) പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനം വഴി ലക്ഷ്യമിടുന്ന ഫലം പ്രാപ്തമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സ്ഥാപനങ്ങളാണ് ഉദ്ദേശിച്ച രീതിയിൽ പ്രവർത്തനക്ഷമമായിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>സാന്ത്വനം പദ്ധതി</u>

*484. ശ്രീ.സണ്ണി ജോസഫ്

,, ലൂഡി ലൂയിസ്

,, ഹൈബി ഈഡൻ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാന്ത്വനം പദ്ധതി വഴിഎന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(ബി) എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിരിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പരിഷ്കരണം</u>

*485. ശ്രീ.സി.മമ്മൂട്ടി

,, റ്റി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം കണക്കിലെടുത്തുള്ള പരിഷ്കരണ നടപടികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഈ സർക്കാർ നിലിവിൽ വന്ന ശേഷം പഠനം നടത്തിയിട്ടുണ്ടോ ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ പ്രവർത്തന മികവ് നേരിൽ മനസ്സിലാക്കാൻ നഷ്ടത്തിൽ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും മിഡിൽ ലെവൽ എക്സിക്യൂട്ടീവുകൾക്കും അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

<u>പ്രസരണ വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികൾ</u>

*486. ശ്രീ.തോമസ് ചാണ്ടി

,, എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ പ്രസരണ വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികളുടെ പണം നൽകുന്നത് തടഞ്ഞതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നത് ഇലക്ട്രിക്കൽ എൻജിനീയർമാരാണെന്ന ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലനുസരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇലക്ട്രിക്കൽ എൻജിനീയർമാർ നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ ഗുണ നിലവാരം സിവിൽ എൻജിനീയർമാരെ ഉപയോഗിച്ച് ഉറപ്പാക്കണമെന്നുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റേയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

<u>മുദ്രപ്പത്ര വില, രജിസ്ട്രേഷൻ ഫീസ് മുഖേനയുള്ള വരുമാനത്തിലെ കുറവ്</u>

*487. ശ്രീ.എൻ. ഷംസുദ്ദീൻ

,, കെ.മുഹമ്മദുണ്ണി ഹാജി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദ്രപ്പത്ര വില, ആധാര രജിസ്ട്രേഷൻ ഫീസ് എന്നിവയിലൂടെയുള്ള വരുമാനത്തിൽ ഓരോ വർഷവും കുറവു വന്നുകൊണ്ടിരിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഭൂമിയുടെ ന്യായവിലയിൽ വരുത്തിയ വർദ്ധന ഇതിനു കാരണമായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) വിദേശനാണ്യ വരുമാനത്തിൽ കാലാനുസൃത വർദ്ധന രേഖപ്പെടുത്തിയിട്ടും, ഭൂമിയിലുള്ള നിക്ഷേപം കുറയുന്നതിന്റെയും തദനുസരണമായി മുദ്രപ്പത്ര വില വരുമാനം കുറയുന്നതിന്റെയും കാരണങ്ങളെക്കുറിച്ച് പരിശോധിക്കുമോ?

<u>റെയിൽവേ പദ്ധതികൾ</u>

*488. ശ്രീ.ബാബു എം. പാലിശ്ശേരി

ശ്രീമതി.കെ.കെ.ലതിക

ശ്രീ.റ്റി.വി.രാജേഷ്

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ നടപടികൾ പൂർത്തിയായ എത്ര റെയിൽ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ച് കാത്തിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സംസ്ഥാനത്തിന് ഏറ്റവും പ്രയോജനകരമായ ഏതെല്ലാം പദ്ധതികൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്രാനുമതിക്കായി സമർപ്പിക്കുകയും എന്നാൽ അനുമതി ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതിലുള്ള വീഴ്ച കൊണ്ട് സാധിക്കാത്തതുമായ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>സഹകരണ മേഖലയുടെ പൊതുവിപണി ഇടപെടൽ</u>

*489. ശ്രീ.ഇ.പി.ജയരാജൻ

,, കെ.കെ.നാരായണൻ

,, വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല പൊതുവിപണിയിൽ ക്രിയാത്മകമായി ഇടപെടുന്നുണ്ടോ; വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ;

(സി) സഹകരണ പ്രസ്ഥാനങ്ങൾ നിഷ്ക്രിയമാകുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) സഹകരണപ്രസ്ഥാനങ്ങൾ പൊതുവിപണിയിൽ ഇടപെട്ട് ഗുണമേൻമയുള്ള സാധനങ്ങൾ വിലകുറച്ച് ആവശ്യക്കാർക്ക് എത്തിക്കാത്തത് മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

<u>യുവജന പ്രോത്സാഹന പദ്ധതി</u>

*490. ശ്രീ.കെ.എസ്.ശബരീനാഥൻ

,, ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകായിക ,സാമൂഹിക, മാധ്യമ രംഗങ്ങളിൽ മികച്ച പ്രവർത്തനം നടത്തുന്ന യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഫാക്ടിന്റെ പുനരുദ്ധാരണ പാക്കേജ്</u>

*491. ശ്രീ.എ.എം. ആരിഫ്

,, എസ്.ശർമ്മ

,, കെ.രാധാകൃഷ്ണൻ

,, ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടിന്റെ പുനരുദ്ധാരണ പാക്കേജിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഫാക്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ യഥാസമയം പ്രാവർത്തികമാകാത്തത് കാരണം ഫാക്ട് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫാക്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിബന്ധനകൾ മുന്നോട്ടു വച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പ്രധാന പൊതുമേഖലാ സ്ഥാപനമായ ഫാക്ടിനെ സംരക്ഷിക്കുന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടികൾ</u>

*492. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ്, യൂത്ത് കമ്മീഷൻ എന്നിവ വഴി വിപുലമായ ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടികൾ സ്കൂൾ-കോളേജ് തലങ്ങളിൽ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകളെയും യൂത്ത് ക്ലബുകളെയും സഹകരിപ്പിച്ച് പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

<u>യുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം</u>

*493. ശ്രീ.വി.റ്റി.ബൽറാം

,, കെ.എസ്.ശബരീനാഥൻ

,, പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് യുവപ്രതിഭാ പുരസ്കാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഗ്രാമവ്യവസായ മേഖലയിലെ തൊഴിൽ സംരംഭങ്ങൾ</u>

*494. ശ്രീ.ബെന്നി ബെഹനാൻ

,, എം.എ. വാഹീദ്

,, പി.എ.മാധവൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഗ്രാമവ്യവസായ മേഖലയിൽ തൊഴിൽ ലഭ്യമാക്കാൻ പരിപാടികൾ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പരിപാടിയുമായി സഹകരിച്ചത് ആരെല്ലാമാണെന്ന് വിശദമാക്കുമോ ?

സഹകരണ പ്രസ്ഥാനങ്ങളും കാർഷിക വികസനവും

*495. ശ്രീ.റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി കർഷകർക്ക് കൂടുതൽ ഗുണകരമായ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പുതിയ ജലവൈദ്യുത പദ്ധതികൾ

*496. ശ്രീ.രാജു എബ്രഹാം
,, കെ.സുരേഷ് കുറുപ്പ്
,, കെ.കെ.ജയചന്ദ്രൻ
,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മെഗാവാട്ടിന്റെ വൈദ്യുതി നിലയങ്ങൾ കമ്മീഷൻ ചെയ്തിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ ജലവൈദ്യുത പദ്ധതികളുടെ പണി തുടങ്ങിയിട്ടുണ്ട്;

(സി) പുതിയ ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ?

റിയാബിന്റെ പ്രവർത്തനം

*497. ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയാബിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തി പുരോഗതിയിലേക്ക് നയിക്കുന്നതിന് റിയാബിന്റെ പ്രവർത്തനം സഹായകമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് സഹായകമായ പ്രവർത്തനം നടത്തുന്നതിന് രൂപീകൃതമായ സ്ഥാപനങ്ങൾ ആവശ്യമായ തരത്തിൽ പ്രവർത്തനക്ഷമമാകുന്നില്ലെങ്കിൽ അത്തരം സ്ഥാപനങ്ങളോടുള്ള നിലപാട് വ്യക്തമാക്കുമോ ?

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി

*498. ശ്രീ.കെ.കെ.ജയചന്ദ്രൻ
,, രാജു എബ്രഹാം

,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പണി എന്നാണ് ആരംഭിച്ചത് ; എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത് ;

(സി) പദ്ധതിയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ ?

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി</u>

*499. ശ്രീ.എം. ഹംസ

,, എളമരം കരീം

,, പി.ശ്രീരാമകൃഷ്ണൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറി മാറി വരുന്ന സർക്കാരുകളുടെ നയവും നിലപാടുകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയിൽ പ്രതിഫലിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ പുരോഗതിയിലെത്തിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങളും ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങളും തമ്മിൽ താരതമ്യം നടത്തിയിട്ടുണ്ടോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പൊതുമേഖലാ സ്ഥാപനത്തെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടും ഈ സർക്കാരിന്റെ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടും വിലയിരുത്തിയിട്ടുണ്ടോ ; വിശകലനം ചെയ്ത് വിശദമാക്കാമോ ?

<u>പദ്ധതി ചെലവുകൾക്കുള്ള തുകയുടെ അപര്യാപ്തത</u>

*500. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എ. പ്രദീപ്കുമാർ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവും വരുമാനവും തമ്മിലുള്ള വൻ അന്തരം പദ്ധതി പ്രവൃത്തികൾ പ്രാബല്യത്തിലാക്കുന്നതിന് പ്രതിസന്ധി സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പദ്ധതി ചെലവുകൾക്കായി നീക്കിവെച്ച തുക കണ്ടെത്താൻ സാധിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ നാലുവർഷം പ്രഖ്യാപിത പദ്ധതികൾ എത്ര ശതമാനം വരെ വെട്ടിച്ചുരുക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാൻ സാധിക്കുമോ?

<u>റെയിൽവേ-വൈദ്യുതീകരണവും പാതയിരട്ടിപ്പിക്കലും</u>

*501. ശ്രീ.പി.ടി.എ. റഹീം

,, വി.ശിവൻകുട്ടി

ശ്രീമതി.പി. അയിഷാ പോറ്റി

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതീകരണവും പാതയിരട്ടിപ്പിക്കലും സമയബന്ധിതമായി പൂർത്തീകരിക്കാത്തത്, സംസ്ഥാനത്ത് റെയിൽ ഗതാഗത മേഖലയിൽ ഉണ്ടാക്കുന്ന പ്രതിസന്ധി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) റെയിൽവേ യാത്രക്കാരുടെ എണ്ണം ക്രമാതീതമായി അനുദിനം വർദ്ധിച്ചുവരുമ്പോഴും, വർഷങ്ങളായി നീളുന്ന പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>പേപ്പർലസ് ഓഫീസുകൾ</u>

*502. ശ്രീ.അൻവർ സാദത്ത്

,, പാലോട് രവി

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത് ;

(ഡി) ഇതിനായി ഐ.റ്റി. മിഷൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

<u>ആദിവാസി മേഖലയിലെ പുരോഗതി</u>

*503. ശ്രീ.വി.ചെന്താമരാക്ഷൻ

,, എം.ചന്ദ്രൻ

,, എസ്.രാജേന്ദ്രൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ ചെലവിട്ട തുകയ്ക്ക് ആനുപാതികമായി ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസി മേഖലയ്ക്ക് അനുവദിക്കപ്പെട്ട സംഖ്യയുടെ ചെലവിടലിന്റെ ഭാഗമായി വിവിധ ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആദിവാസികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ധനം യഥാവിധി ഉപയോഗപ്പെടുന്നുണ്ടെങ്കിൽ, ഇത്തരം സാഹചര്യത്തിൽ ആദിവാസികൾ ഇപ്പോഴും ദുരിതമനുഭവിക്കേണ്ടിവരുമായിരുന്നു എന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഏത് തരത്തിലാണ് ഇതിന് വീഴ്ച വരുന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

<u>കോ-ഇൻഷ്വറൻസ് സംവിധാനം</u>

*504. ശ്രീ.എ.റ്റി.ജോർജ്

,, പി.എ.മാധവൻ

,, വർക്കല കഹാർ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളാണ് ഇതുമായി സഹകരിച്ചത് ?

<u>യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ പഠനം</u>

*505. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
,, എൻ .എ.നെല്ലിക്കുന്ന്
,, പി.ഉബൈദുള്ള
,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ സംബന്ധമായ വരുംകാല ആവശ്യങ്ങളെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശമുണ്ടോ;

(ബി) സംസ്ഥാനം നേരിടുന്ന സ്ഥലലഭ്യതയുടെ പരിമിതി മറികടക്കാൻ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി യാത്രാസൗകര്യം വർദ്ധിപ്പിക്കാനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്താനും, വികസനം വേണ്ട മേഖലകൾ കണ്ടെത്താനും സംവിധാനം ഏർപ്പെടുത്തുമോ ?

<u>വൈദ്യുതി നിരക്ക് വർധനവ്.</u>

*506. ശ്രീ.സാജു പോൾ
,, വി.ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ
,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷനു മുന്നിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിൽ റഗുലേറ്ററി കമ്മീഷൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

<u>സ്മാർട്ട്സിറ്റി പദ്ധതി പ്രവർത്തന പുരോഗതി</u>

*507. ശ്രീ.ജെയിംസ് മാത്യു
,, എളമരം കരീം
,, എസ്.ശർമ്മ
,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി പദ്ധതി കരാറനുസരിച്ച് നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഓരോ ഘട്ടവും പൂർത്തീകരിക്കേണ്ടത് എപ്പോഴായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ പ്രവർത്തനം ഇന്നത്തെ നിലയിൽ മുന്നോട്ടു പോയാൽ കരാറനുസരിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ സാധിയ്ക്കുമോ എന്ന് വ്യക്തമാക്കുമോ?

ഡാമുകളുടെ സുരക്ഷ

*508. ശ്രീ.എം.ഉമ്മർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.മുഹമ്മദുണ്ണി ഹാജി

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ ഡാമുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

വൈദ്യുതി നിയമ ഭേദഗതി ബിൽ

*509. പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, പി.ശ്രീരാമകൃഷ്ണൻ

,, എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിയമം 2003 ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും ബില്ല് പാർലമെന്റിന്റെ പരിഗണനയിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഭേദഗതി ബില്ലിൽ വൈദ്യുതി വിതരണ മേഖലയെ വിഭജിക്കുന്നതിന് നിർദ്ദേശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള ഒരു വിഭജനം വൈദ്യുതി ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുമോ ;

(ഡി) പ്രസ്തുത നിയമഭേദഗതിക്കുള്ള നിർദ്ദേശം വന്നത് ഏത് കാലത്താണെന്ന് വ്യക്തമാക്കുമോ ?

ഗ്രാമീണ ബാങ്കുകളിൽ കോർപ്പറേറ്റുകളുടെ ആധിപത്യത്തിനെതിരെ മുൻ കരുതൽ

T *510. ശ്രീ.പി.ഉബൈദുള്ള

,, വി.എം.ഉമ്മർ മാസ്റ്റർ

,, എൻ .എ.നെല്ലിക്കുന്ന്

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ബാങ്കുകളുടെ ഓഹരിയുടെ സിംഹഭാഗവും, കോർപ്പറേറ്റുകൾക്ക് കൈമാറാൻ കേന്ദ്രസർക്കാർ നീക്കം നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതു് സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ എത്രത്തോളം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,

തിരുവനന്തപുരം, സെക്രട്ടറി.

14-07-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.